## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3405 | | | 14.10.2011ൽ മറുപടിയ്ക്ക് |
|---|---|---|---|
| **അംഗൻവാടികളെ സാമൂഹ്യ വിഭവകേന്ദ്രങ്ങളാക്കുന്നതിന് നടപടി** | | | |
| **ചോദ്യം** | | | **ഉത്തരം** |
| ശ്രീ. എം. വി. ശ്രേയാംസ് കുമാർ | | | **ഡോ. എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി)** |
| (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം വയനാട് ജില്ലയിൽ ഐ.സി.ഡി.എസ് പദ്ധതിയുടെ കീഴിൽ എത്ര അംഗൻവാടികൾ ആരംഭിച്ചുവെന്ന് ബ്ലോക്ക് അടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കുമോ; | (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം സംസ്ഥാനത്ത് പുതിയ അംഗൻവാടികൾ ഒന്നും അനുവദിച്ചിട്ടില്ല. എന്നാൽ കഴിഞ്ഞ സർക്കാർ അധികാരത്തിലിരുന്നപ്പോൾ വയനാട് ജില്ലയിൽ അനുവദിച്ച 358 അംഗൻവാടികളിൽ പ്രവർത്തനം ആരംഭിക്കുവാൻ ബാക്കിയുണ്ടായിരുന്ന അംഗൻവാടികളിൽ മൂന്ന് അംഗൻവാടികൾ ഈ സർക്കാർ അധികാരമേറ്റശേഷം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. അവ കല്പറ്റ ബ്ലോക്ക്2, പനമരം ബ്ലോക്ക്-1 (മിനി അംഗൻവാടി) എന്നിവിടങ്ങളാണ്. |
| (ബി) | അംഗൻവാടികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (ബി) | അംഗൻവാടികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി അംഗൻവാടി പ്രവർത്തകർക്ക് ആവശ്യമായ പരിശീലനം |

| | | | |
|---|---|---|---|
| | | | നൽകി വരുന്നുണ്ട്. അംഗൻവാടികളുടെ പ്രവർത്തനം അവലോകനം ചെയ്യുന്നതിന് എല്ലാ മാസവും സെക്ടറൽ തലത്തിൽ ബന്ധപ്പെട്ട സൂപ്പർവൈസർ മാരും പ്രോജക്ട് തലത്തിൽ ശിശുവികസന പദ്ധതി ഓഫീസർമാരും അംഗൻവാടി പ്രവർത്തകരും യോഗം വിളിച്ചുകൂട്ടി ആവശ്യമായ നിർദ്ദേശങ്ങൾ നൽകി വരുന്നു. കൂടാതെ ജില്ലാതലത്തിൽ എല്ലാ മാസവും ബന്ധപ്പെട്ട പ്രോഗ്രാം ഓഫീസർമാർ സിഡിപിഒ മാരുടെ അവലോകനയോഗം വിളിച്ചുചേർത്ത് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നു. സിഡിപിഒ മാർ സമർപ്പിക്കുന്ന മന്ത്‌ലി പ്രോഗ്രസ് റിപ്പോർട്ട് ക്രോഡീകരിച്ച് കേന്ദ്ര സംസ്ഥാന സർക്കാരുകൾക്ക് നൽകി വരുന്നുണ്ട്. |
| (സി) | അംഗൻവാടികളെ സാമൂഹ്യവിഭവ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) | അംഗൻവാടികളെ ഘട്ടം ഘട്ടമായി സാമൂഹ്യ വിഭവ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

7